LIBRARY ARCHIVES Kerala Legislative Assembly

സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ

23 (*293) ഡോ. കെ. ടി. ജലീൽ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും സ്പോർട്സും സിനിമയും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ബോർഡിന്റെ പ്രവർത്തനങ്ങൾക്കായുള്ള വരുമാന സ്രോതസ്സുകൾ ഏതെല്ലാമാണ് ;

(സി) ബോർഡിന് ഈ സാമ്പത്തിക വർഷം നിശ്ചയിച്ചിരുന്നതിന്റെ വിശദാംശങ്ങൾ നൽകാമോ ; ഇതിൽ നാളിതുവരെ ബോർഡിന് എത്ര തുക നൽകിയെന്നറിയിക്കാമോ ;

(ഡി) സിനിമാ ടിക്കറ്റിനുമേലുള്ള സെസ്സ് പിരിക്കുന്നതിന് കോടതി വിലക്ക് നിലവിലുണ്ടോ ; ഇത് മാറ്റുന്നതിന് സർക്കാർ ശ്രമം ഏതെങ്കിലും നടത്തുന്നുണ്ടോ ; വിശദമാക്കാമോ ?

വനവും പരിസ്ഥിതിയും സ്പോർട്സും സിനിമയും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) 2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ട് 3(2)-ാം വകുപ്പിൽ സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ വരവുവയ്ക്കേണ്ട ഫണ്ടിനങ്ങൾ ഏതൊക്കെയാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അവ താഴെ പറയും പ്രകാരമാണ്.

i. 6-ാം വകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ള അംശദായങ്ങൾ

ii. കേന്ദ്രസർക്കാരോ സംസ്ഥാനസർക്കാരോ തദ്ദേശ സ്ഥാപനങ്ങളോ മറ്റ് സർക്കാരിതര സ്ഥാപനങ്ങളോ സംഘടനകളോ, വ്യക്തികളോ നൽകുന്ന ഗ്രാന്റുകളും, വായ്പകളും മുൻകൂറുകളും സംഭാവനകളും.

iii. സംസ്ഥാന ലോട്ടറി വകുപ്പുമായി ചേർന്ന് നടത്തിയ ലോട്ടറി മുഖേന ശേഖരിച്ച ഫണ്ട്.

iv. 14 -ാം വകുപ്പ് പ്രകാരം ബോർഡ് കടം വാങ്ങിയ തുക

v. ബോർഡ് നടത്തിയ ഏതെങ്കിലും നിക്ഷേപത്തിന്റെ ഓഹരിയുടെയോ, ലാഭമോ, പലിശയോ ലാഭവിഹിതമോ

vi. ആക്ടോ, ചട്ടങ്ങളോ പദ്ധതിയോ പ്രകാരം ബോർഡ് സമാഹരിച്ച ഏതെങ്കിലും ഫീസ്

vii. നിധിയിലെ തുക വർദ്ധിപ്പിക്കുന്നതിനായി ബോർഡ് മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നും സമാഹരിച്ച ഏതെങ്കിലും തുക

viii. ഇരുപത്തിയഞ്ച് രൂപയിൽ കവിയുന്ന സിനിമാ ടിക്കറ്റ് വിലയിൽ നിന്ന് ബോർഡ് സമാഹരിച്ച സെസ്സ് തുക

ix. 18-ാം വകുപ്പ് പ്രകാരം ഈടാക്കിയ കുടിശ്ശിക തുക

x. നിധി ശേഖരണത്തിനായി നടത്തുന്ന കലാ സാംസ്കാരിക പരിപാടികളിലൂടെ സ്വരൂപിക്കുന്ന തുക

xi. ഒരു രൂപ പ്രകാരം ഡി.റ്റി.എച്ച്. കേബിൾ വരിക്കാരിൽ നിന്നും ശേഖരിക്കുന്ന തുക

xii. പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം ഫണ്ടിലേക്ക് വരവ് വയ്ക്കേണ്ടതായ മറ്റേതെങ്കിലും തുക

ഇവക്കുപുറമേ ആക്ടിലെ 6-ാം വകുപ്പ് 4-ാം ഉപവകുപ്പ് പ്രകാരം, ഓരോ വർഷവും അംഗങ്ങളിൽ നിന്നും ലഭിക്കുന്ന മൊത്തം അംശദായത്തിന്റെ രണ്ട് ശതമാനത്തിന് തുല്യമായ തുക സർക്കാർ ഗ്രാന്റായി ലഭിക്കുന്നതിനും വ്യവസ്ഥയുണ്ട്.

(സി) ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.

(ഡി) ഉണ്ട്. സെസ്സ് പിരിവിനെതിരെ ഹൈക്കോടതി മുമ്പാകെ The Kerala Film Exhibitors Federation ഫയൽ ചെയ്ത WP(C)No.4195/13-ൽ ഹൈക്കോടതി

LIBRARY ARCHIVES Kerala Legislative Assembly

പുറപ്പെടുവിച്ച താൽക്കാലിക ഉത്തരവിനെതിരെ സർക്കാർ 913/13 നമ്പർ റിട്ട് അപ്പീലും ക്ഷേമനിധി ബോർഡ് 915/13 നമ്പർ റിട്ട് അപ്പീലും ഫയൽ ചെയ്തങ്കിലും, ഈ റിട്ട് അപ്പീലുകൾ 16-10-2014-ലെ ഹൈക്കോടതി വിധി പ്രകാരം തള്ളിയിരുന്നു. ടി വിധി ന്യായത്തിൽ പരാമർശിക്കുന്ന WP(C) No.4195/13, 12705/13, 5465/13 എന്നീ കേസുകളിൽ എതിർ സത്യവാങ്മൂലം അഡ്വക്കേറ്റ് ജനറലുമായി കൂടിയാലോചിച്ച് ഫയൽ ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആശ്രയ പദ്ധതി

24 (*294) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഹൈബി ഈഡൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആശ്രയ പദ്ധതിക്കു തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ;

(സി) സമൂഹത്തിലെ അശരണരായ വിധവകൾക്കും, മാരകരോഗങ്ങൾ ബാധിച്ച് ജോലിയെടുക്കാൻ സാധിക്കാത്തവർക്കും എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ഉണ്ട്. സംസ്ഥാനത്ത് 2002-03 സാമ്പത്തിക വർഷം മുതൽ ആശ്രയ പദ്ധതി നടപ്പിലാക്കി വരുന്നു. കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന നിരാശ്രയരും, അടിസ്ഥാന ജീവിതസൗകര്യങ്ങൾ നിഷേധിക്കപ്പെട്ടവരും, സാമൂഹ്യമായി ബഹിഷ്കൃതരും, പാർശ്വവൽക്കരിപ്പെട്ടവരും, യാതൊരു വിധ കണക്കെടുപ്പിലും ഉൾപ്പെടാത്തവരുമായ കുടുംബങ്ങളെ സൂതാര്യമായ മാനദണ്ഡങ്ങൾ ഉപയോഗിച്ച് കണ്ടെത്തി പുനരധിവസിപ്പിക്കുന്ന പദ്ധതിയാണ് ആശ്രയ (Destitute Identification & Rehabilitation Programme).

LIBRARY ARCHIVES Kerala Legislative Assembly